296

ഡി 3011

കേരള സർക്കാർ

സംഗ്രഹം

POVERTY ERADICATION MISSION ★ KUDUMBASHREE
19 MAR 2022
STATE ★ GOVT. OF KERALA ★

ഭക്ഷ്യ പൊതുവിതരണ വകുപ്പ് - കുടുംബശ്രീ ജനകീയ ഹോട്ടലുകൾക്ക് ടൈഡ് ഓവർ വിഹിതത്തിൽ നിന്ന് അരി നൽകുന്നതിനുള്ള എസ്റ്റാബ്ലിഷ്മെന്റ് പെർമിറ്റ് കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭക്ഷ്യ പൊതുവിതരണ (ഡി) വകുപ്പ്**

**സ.ഉ. (സാധാ) നം.88/2022/ഭ.പൊ.വി.വ.** **തിരുവനന്തപുരം, തീയതി 15.03.2022**

2913

**പരാമർശം:** 1) 23.06.2020 ലെ സ.ഉ (സാധാ) നം. 177/2020/ഭ.പൊ.വി.വ.
2) 23.02.2021 ലെ സ.ഉ (സാധാ) നം. 110/2021/ഭ.പൊ.വി.വ.
3) 03.03.2022 ലെ സി.സി.എസ്/5851/എ 4/2021 നമ്പർ കത്ത്.

**ഉത്തരവ്**

കുടുംബശ്രീ ജനകീയ ഹോട്ടലുകൾക്ക് ടൈഡ് ഓവർ വിഹിതത്തിൽ നിന്ന് അരി നൽകുന്നതിനുള്ള എസ്റ്റാബ്ലിഷ്മെന്റ് പെർമിറ്റ് 2021 മാർച്ച് മാസം വരെയോ ടൈഡ് ഓവർ വിഹിതം അന്നവിതരൺ പോർട്ടലിൽ ഉൾപ്പെടുത്തുന്നതുവരെയോ ഏതാണോ ആദ്യം അതു വരെ തുടരാൻ പരാമർശം (1) പ്രകാരം അനുവദിച്ചിരുന്നു. തുടർന്ന് ജനകീയ ഹോട്ടലുകൾക്ക് അരി നൽകുന്ന എസ്റ്റാബ്ലിഷ്മെന്റ് പെർമിറ്റ് കാലാവധി ഒരു വർഷത്തേയ്ക്ക് കൂടി പരാമർശം (2) പ്രകാരം ദീർഘിപ്പിച്ച് നൽകുകയും ചെയ്തിരുന്നു.

എസ്റ്റാബ്ലിഷ്മെന്റ് പെർമിറ്റ് കാലാവധി 2022 മാർച്ച് മാസത്തോടു കൂടി അവസാനിക്കുകയാണെന്നും, ടി പെർമിറ്റ് പുതുക്കി നൽകണമെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറും, മലപ്പുറം, കണ്ണൂർ, തൃശ്ശൂർ ജില്ലാ സപ്ലൈ ഓഫീസർമാരും ആവശ്യപ്പെട്ടിട്ടുണ്ടെന്നും ആയതിനാൽ ജനകീയ ഹോട്ടലുകൾക്ക് അരി നൽകുന്ന എസ്റ്റാബ്ലിഷ്മെന്റ് പെർമിറ്റ് ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് കമ്മീഷണർ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് കമ്മീഷണറുടെ അഭ്യർത്ഥന അംഗീകരിച്ച് ടൈഡ് ഓവർ വിഹിതത്തിൽ നിന്ന് കുടുംബശ്രീ ജനകീയ ഹോട്ടലുകൾക്ക് അരി നൽകുന്ന എസ്റ്റാബ്ലിഷ്മെന്റ് പെർമിറ്റ് കാലാവധി പരാമർശം (2) ലെ നിബന്ധനകൾക്ക് വിധേയമായി ഒരു വർഷത്തേയ്ക്ക് കൂടി (31.03.2023 വരെ) ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഓരോ ജനകീയ ഹോട്ടലിനും നൽകുന്ന അരിയുടെ വിഹിതവും അകെ നൽകുന്ന അരിയുടെ അളവും സംബന്ധിച്ച വിശദാംശം പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് കമ്മീഷണർ ലഭ്യമാക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**അബ്ദുൾ മജീദ് കക്കോട്ടിൽ**
അഡീഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, (ഓഡിറ്റ്) കേരളം, തിരുവനന്തപുരം

അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്

കമ്മീഷണർ, പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, കുടുംബശ്രീ മിഷൻ, തിരുവനന്തപുരം

ഓഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ